**അനുബന്ധം**

## ഇതര സംസ്ഥാന തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങൾ

(*84) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീമതി സി.കെ. ആശ : സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങൾ ഒരുക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു;

(ബി) സംസ്ഥാന പ്ലാനിംഗ് ബോർഡ് പഞ്ചവത്സര പദ്ധതിയുടെ (2017-2022) ഭാഗമായി മറുനാടൻ തൊഴിലാളികളുടെ ക്ഷേമത്തിനായി കർമ്മസമിതി രൂപവൽക്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് ചുരുങ്ങിയ ചെലവിൽ വാസസ്ഥലങ്ങൾ നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) ഇവർക്ക് അപകട ആരോഗ്യ ഇൻഷുറൻസ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ,

(എ) സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് സർക്കാർ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ആവാസ്) ആവിഷ്ക്കരിച്ചിട്ടുണ്ട്. 15,000/- രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000/- രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കേരളത്തിൽ ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികളിൽ 83,000 പേർക്ക് ഇതിനകം രജിസ്ട്രേഷൻ കാർഡ് നൽകിയിട്ടുണ്ട്. തൊഴിൽ വകുപ്പ് "ഭവനം ഫൗണ്ടേഷൻ കേരള" മുഖേന നടപ്പിലാക്കി വരുന്ന "അപ്നാ ഘർ" പദ്ധതിയിലൂടെ ഇതരസംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയങ്ങൾ നിർമ്മിക്കുന്നു. ഇതരസംസ്ഥാന തൊഴിലാളികൾക്കായി സംസ്ഥാനത്തെ 14 ജില്ലകളിലും ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്ന വിഷയം പരിശോധനയിലാണ്.

(ബി) പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി കേരളത്തിലെ ഇതര സംസ്ഥാന തൊഴിലാളികളുടെ കുടിയേറ്റം സംബന്ധിച്ച് പ്രൊഫസർ ഡി. നാരായണ, ശ്രീ. കെ. ബിജു ഐ.എ.എസ്. എന്നിവരെ

അദ്ധ്യക്ഷരാക്കിക്കൊണ്ട് ഒരു കർമ്മസമിതി രൂപീകരിച്ചിട്ടുണ്ട്. നടപടിക്രമം അനുബന്ധമായി ചേർക്കുന്നു.+

(സി) ഉണ്ട്.

(ഡി) 02.03.2017-ലെ സ.ഉ.(സാധാ) നം. 274/17/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം "ആവാസ്" പദ്ധതിയിൻകീഴിൽ 15,000/- രൂപയുടെ ആരോഗ്യ ഇൻഷ്വറൻസിനൊപ്പം 2,00,000/- രൂപയുടെ അപകടമരണ ഇൻഷ്വറൻസും കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.